(1)	(2)	(4)	(5)	(6)
5	Kottayam	1460	1244	85%
6	Idukki	271	271	100%
7	Ernakulam	3111	3111	100%
8	Thrissur	2126	1165	54.70%
9	Palakkad	229	170	74%
10	Malappuram	370	370	100%
11	Kozhikkode	2682	1071	39.93%
12	Wayanad	1062	785	73.91%
13	Kannur	1280	174	13.59%
14	Kasargode	967	179	18.51%
	Total	19862	10885	54.80%

എടവനക്കാട് നിരാലംബർക്കുള്ള അഭയകേന്ദ്രം

208 (5561) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധരും നിരാലംബരുമായവരെ പരിപാലിക്കുന്നതിനും അഭയം നൽകുന്നതിനുമായി എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിനോട് അനുബന്ധമായി ആരംഭിച്ച കേന്ദ്രത്തിൽ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര പേർക്ക് പ്രവേശനം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ ചുമതല ആർക്കെന്നും ആകെയുള്ള സ്റ്റാഫിന്റെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) രോഗാതുരരായവർക്ക് പ്രസ്തുത കേന്ദ്രത്തിൽ പ്രവേശനം നിഷേധിച്ചിട്ടുണ്ടോ : എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എടവനക്കാട് ഗ്രാമപഞ്ചായത്ത് വൃദ്ധസദനം സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കുകയും ഗ്രൗണ്ട് ഫ്ളോറിൽ ഡിമെൻഷ്യാ കെയർ സെന്ററും ഒന്നാം നിലയിൽ വൃദ്ധസദനവും എന്ന രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡിമെൻഷ്യാ രോഗികൾക്ക് പരിചരണം, താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകി, ഡിമെൻഷ്യാ കെയർ സെന്ററിലൂടെ സംരക്ഷിച്ചുവരുന്നു. അശരണരും നിരാലംബരും മക്കളും മറ്റ് ബന്ധുക്കളും വീടും വസ്തുക്കളും ഇല്ലാത്ത വയോജനങ്ങൾക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകി വൃദ്ധസദനത്തിലൂടെ സംരക്ഷിച്ചുവരുന്നു.

(ബി) ഡിമെൻഷ്യ കെയർ സെന്ററിൽ 15 പേരെയും വൃദ്ധസദനത്തിൽ 10 പേരേയും താമസിപ്പിക്കാനുള്ള സൗകര്യം ഉണ്ട്.

(സി) ഡിമെൻഷ്യ കെയർ സെന്ററിന്റേയും വൃദ്ധസദനത്തിന്റേയും മേൽനോട്ടം എറണാകുളം ജില്ലാ സാമൂഹ്യനീതി ആഫീസിലെ ജൂനിയർ സൂപ്രണ്ടിനാണ്. ഡിമെൻഷ്യാ കെയർ സെന്ററിൽ 4 കെയർ ഗിവർമാരേയും 1 നഴ്സിനേയും കേരള സാമൂഹ്യസുരക്ഷാ മിഷൻ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ രണ്ടു സ്ഥാപനങ്ങൾക്കുമായി ഒരു കുക്കിനേയും ഒരു വാച്ച്മാനേയും കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നിയമിച്ചിട്ടുണ്ട്. ഡിമെൻഷ്യ കെയർ സെന്റർ നടത്തുന്ന സംഘടന ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. ടിയാന് കേരള സാമൂഹ്യ സുരക്ഷാമിഷൻ വേതനം നൽകുന്നുണ്ട്.

(ഡി) നിലവിൽ രോഗാതുരരായവർക്ക് വൃദ്ധസദനത്തിൽ പ്രവേശനം നൽകുന്നില്ല. സ്ഥാപനത്തിൽ രോഗാതുരരായവരെ പരിപാലിക്കുന്നതിന് നിലവിൽ സ്റ്റാഫുകളെ നിയമിച്ചിട്ടില്ലാത്തതിനാൽ രോഗികളെ ശ്രദ്ധിക്കുവാനും പരിപാലിക്കുവാനും സാധിക്കാതെ വരുമെന്നതിനാൽ രോഗാതുരർക്ക് തൽക്കാലം സ്ഥാപനത്തിൽ പ്രവേശനം നൽകുന്നില്ല. ഡിമെൻഷ്യ കെയർ സെന്ററിൽ ഡിമെൻഷ്യ രോഗികളെ മാത്രം പരിപാലിക്കുന്നുണ്ട്.

അങ്കണവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

209 (5562) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ 30 വർഷം വരെയുള്ള കാലയളവിൽ അംഗൻവാടി ജീവനക്കാരായി ജോലി ചെയ്ത് വിരമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?